
T.D.L.P.SCHOOL
GOSRI PURAM KOCHI.2

എൽ. പി. തല.

സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

# തിരുമല ദേവസ്വം ബോർഡ്

# പ്രൈമറി സ്ക്കൂൾ

## 2025 - 2026

## ഉള്ളടക്കം


| | |
|---|---|
| കവർ പേജ് | പേജ് 1 |
| സ്കൂൾ ഫോക്കൽ കി | പേജ് 2 |
| ആമുഖം | പേജ് 3 |
| അടിസ്ഥാനവിവരങ്ങൾ | 4, 5 |
| ചരിത്രം | 6 |
| ഭൗതിക സാഹചര്യങ്ങൾ | 7 |
| പൊതു ലക്ഷ്യങ്ങൾ | 8, 9 |
| അക്കാദമികം | 10 |
| ലക്ഷ്യങ്ങൾ | 11, 12, 13, 14, 15, 16, 17 |
| മലയാളം | 18, 18a, 18b, 18c, 18d, 18e |
| ഇംഗ്ലീഷ് | 19, 19a, 19b |
| ഗണിതം | 20, 20a, 20b |
| പരിസരപഠനം | 21, 21a |
| സാമൂഹികാവബോധം | 22 |
| കൊങ്കണി | 23, 23a, 23b |
| വിവരസാങ്കേതികവിദ്യ | 24 |
| പ്രവൃത്തി പരിചയം | 25 |
| സർഗവേദി | 26, 26a |
| ആരോഗ്യകായിക വിദ്യാഭ്യാസം | 27, 27a, 27b, 27c |
| സംഗ്രഹം | 28 |

## സ്കൂൾ ഫാക്കൽറ്റി

ഹെഡ് മിസ്ട്രസ് : സന്ധ്യ. എം. എം

സ്കൂൾ മാനേജർ : അവിനാശ്. പി

പി. ടി. എ. പ്രസിഡന്റ് : ശിവാനന്ദ് വൈ. ആർ

എം. പി. ടി. എ : നന്ദിതാ റാണി

അധ്യാപിക : മഞ്ജുള. പി. വൈ

അധ്യാപിക : ദീപ. ഡി. ജി

അധ്യാപിക (KLTr) : സരസ്വതി. എസ്

## ആമുഖം

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസപദ്ധതിയുടെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും. പ്രസ്തുത മാസ്റ്റർ പ്ലാൻ മേൽപറഞ്ഞ ലക്ഷ്യത്തെ വരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതുവഴി വിദ്യാലയത്തിലെ കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം ലഭ്യമാകും. വിദ്യാർത്ഥി ഉയരങ്ങളിൽ എത്തിക്കാനുള്ള എല്ലാപ്രവർത്തനങ്ങളും ടി.സി.എൽ.പി.സ്കൂൾ പൊതുസമൂഹത്തിന്റെ പിന്തുണയോടെ ഏറ്റെടുക്കുന്നു. വരും വർഷങ്ങളിലും വിദ്യാലയ മികവ് തുടർന്നു കൊണ്ടു പോകുവാനുള്ള തീവ്രശ്രമത്തിലാണ് അധ്യാപകരും രക്ഷകർത്താക്കളും. അതിന് കരുത്ത് പകരുന്ന അക്കാദമിക മാസ്റ്റർ പ്ലാൻ ഇതാണെന്ന വിശ്വാസത്തോടെ അഭിമാനപൂർവ്വം സമർപ്പിക്കട്ടെ.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : ടി.ഡി.എൽ.പി. സ്കൂൾ. |
| മേൽവിലാസം | : ടി.ഡി.എൽ.പി.എസ്<br>ടി.ഡി. ഈസ്റ്റ് സന്നിധി റോഡ്<br>ഗോശ്രീപുരം. കൊച്ചി-2. |
| ഫോൺ നമ്പർ | : 0484-2212421 e.mail-hmtdlp@gmail.com |
| സ്കൂൾ കോഡ് | : 26310 |
| യു ഡയസ് നമ്പർ | : 32080800705 |
| വിദ്യാഭ്യാസ ഉപ ജില്ല | : മട്ടാഞ്ചേരി |
| വിദ്യാഭ്യാസ ജില്ല | : എറണാകുളം |
| റവന്യൂ ജില്ല | : എറണാകുളം |
| താലൂക്ക് | : കൊച്ചി |
| തദ്ദേശസ്വയംഭരണ സ്ഥാപനം | : കോർപ്പറേഷൻ |
| വാർഡ് | : 7 |

| | |
|---|---|
| സ്കൂൾ ഭരണവിഭാഗം | : എയ്ഡഡ് |
| സ്കൂൾ വിഭാഗം | : പൊതുവിദ്യാലയം |
| പഠന വിഭാഗം | : എൽ.പി. |
| സ്കൂൾ തലം | : 1 മുതൽ 4 വരെ |
| മാധ്യമം | : മലയാളം, ഇംഗ്ലീഷ് |
| ആൺകുട്ടികൾ | : 36 |
| പെൺകുട്ടികൾ | : 31 |
| ആകെ വിദ്യാർത്ഥികൾ | : 67 |
| അദ്ധ്യാപകർ | : 5 |
| പ്രധാന അദ്ധ്യാപിക | : സന്ധ്യ.എം.എം. |
| പി.ടി.എ. പ്രസിഡന്റ് | : ശിവാനന്ദ്.പൈ.ആർ |
| എം.പി.ടി.എ. | : നന്ദിതാ റാണി |

## തിരുമല ദേവസ്വം ലോവർ പ്രൈമറി സ്കൂൾ.

കൊച്ചി തിരുമല ദേവസ്വം കോർപ്പറേറ്റ്.

എഡ്യുക്കേഷൻ ഏജൻസിയുടെ കീഴിൽ ഗൗഡ സാരസ്വത ബ്രാഹ്മണ സമുദായത്തിന്റെ സാമൂഹിക മതപര വിദ്യാഭ്യാസപര ഇടങ്ങിയ ആവശ്യങ്ങൾ നിറവേറ്റുന്നതിന് സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങളുടേയും വിദ്യാഭ്യാസപരമായ ഉന്നമനത്തിന് ദേവസ്വത്തിൽനിന്ന് സൗജന്യ ഉച്ചഭക്ഷണം നൽകികൊണ്ട് ആരംഭിച്ച ഒരു കുടിപ്പള്ളിക്കൂടമാണ് ടി.ഡി. എൽ.പി. സ്കൂൾ. കൊല്ലവർഷം 1063 കന്നി 1ന് AD 1887 വിജയദശമിദിവസം ഈ വിദ്യാലയം തുറന്ന് പ്രവർത്തനം ആരംഭിച്ചു.

വിദ്യാധനം സർവ്വധനാൽ പ്രധാനം എന്ന മഹാവാക്യം ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന ഈ സരസ്വതി ക്ഷേത്രത്തോട് ചേർന്ന് കിഴക്കേ ഗോപുരനടയിൽ പ്രവർത്തിക്കുന്നു. ഈ വിദ്യാലയത്തിൽ കൊങ്കണി ഭാഷ ഒരു പ്രത്യേക ഭാഷാവിഷയമായി പഠിപ്പിക്കുന്നു. ഈ വിദ്യാലയത്തിൽ നല്ല ആരോഗ്യം ഉയർന്ന ചിന്ത ഉന്നമേന്മയുള്ള വിദ്യാഭ്യാസം എന്നിവ കാലാകാലങ്ങളായി പ്രീപ്രൈമറി മുതൽ പ്രൈമറി ക്ലാസുകൾ വരെ ഇവിടെ പ്രവർത്തിക്കുന്നു.

ഭൗതിക സാഹചര്യങ്ങൾ

വളരെ നല്ല പഠന സൗകര്യത്തിൽ നിലകൊള്ളുന്നതായ അന്തരീക്ഷം ഈ സ്ഥാപനത്തിന്റെ പ്രത്യേകതയാണ്. സ്കൂളിന് വിശാലമായ നാലുനിലകെട്ടിടം കൂടിയപ്പോൾ, ആവശ്യമായ ടോയ്‌ലറ്റ് സൗകര്യങ്ങൾ വിവരസാങ്കേതികവിദ്യ നൽകുവാനുള്ള ആധുനികരീതി AC യോടുകൂടിയ പ്രത്യേകമുറി കുട്ടികൾക്ക് വായനാശീലം വളർത്തുന്നതിനുള്ള വിവിധ ഗ്രന്ഥങ്ങൾ, ശുചികരവും പോഷകസമൃദ്ധവുമായ ഭക്ഷണം തയ്യാറാക്കുന്ന വൃത്തിയുള്ള പാചകപ്പുര എല്ലാവരും ഒരുമിച്ച് കഴിക്കുന്ന ഉച്ചഭക്ഷണശാല, കൗൺസിലിങ് ക്ലാസ്, കുട്ടികളുടെ മാനസികോല്ലാസത്തിനായുള്ള കളിസ്ഥലങ്ങൾ

പാഠ്യേതരപ്രവർത്തനങ്ങൾ

* [illegible]
* സയൻസ് ക്ലബ്
* ഐ.ടി. ലാബ്
* വിദ്യാരംഗം കലാസാഹിത്യവേദി
* ഗണിത ക്ലബ്
* സാമൂഹ്യശാസ്ത്ര ക്ലബ്
* പരിസ്ഥിതി ക്ലബ്.

## പൊതുലക്ഷ്യങ്ങൾ

1. അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ എല്ലാ കുട്ടികളും കൈവരിച്ചു എന്ന് ഉറപ്പ് വരുത്തുക.

2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, കൊങ്കണി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പ് വരുത്തുക.

3. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവക്ക് പരമാവധി പ്രോത്സാഹനം നൽകി ഉയർന്ന പഠിപ്പിലെ നേട്ടം ഉണ്ടാക്കുക

4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഒരുക്കും.

5. വിദ്യാലയം 'ഹൈടെക്' ആക്കി മാറ്റുക

6. SRG യുടെ നേതൃത്വത്തിൽ പാഠഭാഗങ്ങൾക്കാവശ്യമായ വീഡിയോ ക്ലിപ്പുകൾ ലഭ്യമാക്കും.

7. ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധന ശുചിത്വ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പാക്കൽ.

'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയം മുൻനിർത്തി അറിവ് നിർമ്മാണ കേന്ദ്രങ്ങളായി വിദ്യാലയ പരിസരം മാറ്റും.

# അക്കാദമികം

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| • അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം | • മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല |
| • ഓരോ കുട്ടിയും ഒന്നാമനാണ് പരിഗണിച്ച് പരിശീലനം നൽകുന്നു | • എല്ലാ കുട്ടികളെയും ലക്ഷ്യത്തിലെത്തിക്കാൻ സാധിച്ചിട്ടില്ല |
| • കലാപഠനം, പ്രവൃത്തി പരിചയം, കായിക പഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം | • മെച്ചപ്പെടാൻ കൂടുതൽ പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതുണ്ട്. |
| • ആധുനിക രീതിയിൽ തയ്യാറാക്കിയ കമ്പ്യൂട്ടർ ലാബ് | • മികച്ച കമ്പ്യൂട്ടർ ലാബ് ഉണ്ടെങ്കിലും സ്വതന്ത്രമായി ഇടപെടാൻ സൗകര്യമില്ല. അവസരമില്ല. |
| • പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ ഉടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു. | • കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. |
| | • അത്‌ലറ്റിക് പരിശീലനത്തിന് ഹൈസ്കൂൾ ഗ്രൗണ്ടിൽ പോകുന്നു |

# ലക്ഷ്യങ്ങൾ

## ഭാഷാവികസനം

1. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്ന് ഉറപ്പുവരുത്തുക
2. മികച്ച വായനാശീലം വളർത്തുക
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക
4. എല്ലാ കുട്ടികളെയും അർത്ഥപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
5. സർഗാത്മക രചനയ്ക്കുള്ള അഭിരുചി വളർത്തുക
6. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
7. ICT സാധ്യത ഭാഷാവികസനത്തിനായി ഉപയോഗിക്കുക

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുന്നു.
2. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക
3. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക

4. 4. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.

5 സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.

6. എല്ലാ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കി രക്ഷിതാക്കളുടെ സഹായത്തോടെ പ്രവർത്തനം ആസൂത്രണം ചെയ്യുക.

## പരിസരപഠനം

1. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക
3 ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക
4. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക
5 ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

സാമൂഹികാവബോധം

1. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക
2. ജനാധിപത്യ വേദികൾ ഒരുക്കുക
3. ദിനാചരണങ്ങൾ, ബോധവത്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ.

ഗണിതം

1. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
2. ICT സാധ്യതകൾ ഗണിതത്തിൽ ഉപയോഗപ്പെടുത്തുക.
3. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
4. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ നേടി എന്ന് ഉറപ്പാക്കുക.
5. ഗണിതചിന്ത, യുക്തിചിന്ത, വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവര സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
3. വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.

## പ്രവൃത്തി പരിചയം

1. ഇതര വിഷയങ്ങളുമായി പ്രവൃത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക
2. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
3. പാഴ്‌വസ്തുക്കളിൽ നിന്നും പഠനോപകരണങ്ങളോ പ്രയോജനകരങ്ങളായ ഉത്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.

## കലാ പരിചയം പരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക
2. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
3. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിപാടികൾ ഒരുക്കുക
4. കലാഭിരുചി വളർത്തുക
5 ആധുനിക ശാസ്ത്രവിദ്യ (സാങ്കേതിക) കലാപഠനത്തിൽ ഉപ ഉപയോഗപ്പെടുത്തുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. നല്ല ആരോഗ്യ ശീലങ്ങൾ വളർത്തുക
2. ക്യാമ്പസിനെ മാലിന്യമുക്തമാക്കുക ഹരിതാഭമാക്കുക.
3. എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പാക്കുക.

# കൊങ്കണി

ഗൗഡ സാരസ്വത ബ്രാഹ്മണ സമുദായം കൊച്ചി തിരുമല ദേവസ്വത്തിന് കീഴിൽ പ്രവർത്തിച്ചു വരുന്ന വിദ്യാഭ്യാസ സ്ഥാപനമാണ് ടി.ഡി.എൽ.പി. അവരുടെ മാതൃഭാഷയും ന്യൂന പക്ഷ ഭാഷാടിസ്ഥാനത്തിൽ ഭാരതത്തിന്റെ എട്ടാം ഷെഡ്യൂളിലും ഉൾപ്പെടുത്തിയ കൊങ്കണി ഭാഷ ഈ വിദ്യാലയത്തിൽ അധിക ഭാഷയായി പഠിപ്പിച്ചു വരുന്നു.

കൊങ്കണി ഭാഷയുടെ ലിപി ദേവനാഗരി യായതിനാൽ ഉപരി പഠനത്തിൽ സംസ്കൃതം, ഹിന്ദി എന്നീ ഭാഷകൾ പഠിക്കുവാൻ എളുപ്പത്തിൽ സാധിക്കും എന്നത് കൊണ്ട് ഈ സമുദായത്തിലെ വിദ്യാർത്ഥികളും ഈ ഭാഷ പഠിക്കുവാൻ താല്പര്യം കാണിച്ചു വരുന്നു.

എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ട് വായിക്കാനും എഴുതുവാനും പ്രാപ്തരാക്കുക

കരിക്കുലം ലക്ഷ്യം വയ്ക്കുന്ന കൊങ്കണി ഭാഷ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക

വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോ ഭാവങ്ങൾ ഭാഷാ പഠനനേട്ടത്തിലൂടെ ഉറപ്പു വരുത്തുക

ഭാഷാ പഠനത്തിൽ ഐടിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുവാനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

പ്രവർത്തനം-1

പേര് - ഉച്ചഭാഷിണി വായന

ഉപമേഖല - വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം-2

പേര് - അക്ഷരക്കൂട്ടം (വായനാ മൂല)

ഉപമേഖല - വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | ഒഴിവു സമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ് മുറികളിലും പ്രത്യേകം വായനാ മൂല ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മിറ്റി | 2500/- sponcer ചെയ്യും |

പ്രവർത്തനം-3
പേര് - പുസ്തകം എന്റെ ചങ്ങാതി
ഉപമേഖല - വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനായി പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | സരസ്വതി ടീച്ചർ | 1000/- |

പ്രവർത്തനം-4
പേര് - എന്റെ പിറന്നാൾ പുസ്തകം
ഉപമേഖല - വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | സ്പോൺസറിംഗ് |

പ്രവർത്തനം-5
പേര് - സ്കൂൾ ലൈബ്രറി
ഉപമേഖല - വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ച് ലൈബ്രറി സജ്ജമാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ പ്രാദേശിക ക്ലബ്ബുകൾ | 4000 |

പ്രവർത്തനം-6
പേര് - ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ
ഉപമേഖല - ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കാനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ പഠനപ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ | 2000 |

പ്രവർത്തനം - 7
പേര് - എന്റെ വായനാക്കുറിപ്പുകൾ
ഉപമേഖല - ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും പൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ. ചെറിയ ക്ലാസിൽ (വായനാകാർഡ്) വായനാക്കുറിപ്പിനുള്ള പുസ്തകം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 2000 |

പ്രവർത്തനം - 8
പേര് - ക്ലാസ് തല പതിപ്പുകൾ
ഉപമേഖല - ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | വിദ്യാലയ വിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ് തല പതിപ്പുകൾ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ | 1000 |

പ്രവർത്തനം - 9
പേര് - രചനോത്സവം
ഉപമേഖല - ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | അധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറിയെഴുതൽ | ജൂലായ് മുതൽ മാർച്ച് വരെ | ഭാഷാ ക്ലബ് | 1000 |

പ്രവർത്തനം -10
പേര് - കയ്യെഴുത്ത് മാസികകൾ
മേഖല - ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സർഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ (ചുമർ ചിത്രം, കയ്യെഴുത്ത് മാഗസിൻ ഇവയിൽ നിന്ന്) | ഓരോ ടേമിലും | വിദ്യാരംഗം, ഭാഷാ ക്ലബ് | സ്പോൺസറിംഗ് |

പ്രവർത്തനം - 11
പേര് - സചിത്ര പാഠങ്ങൾ രൂപീകരിക്കൽ
ഉപമേഖല - ആശയഗ്രഹണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയവിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ, ജൂലായ്, ആഗസ്റ്റ് | ക്ലാസ് ടീച്ചർ | 3000 |

പ്രവർത്തനം-12
പേര് - സർഗ്ഗവേള
ഉപമേഖല - പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളെയും വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ. ചെറിയ ക്ലാസിൽ വായനാകാർഡ്. 'മധുരം മലയാളം' പുസ്തകം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 2000 |

## ഇംഗ്ലീഷ്

പ്രവർത്തനം: 1
പേര് : Reading Card work shop
ഉപമേഖല : വായനാ സാമഗ്രി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിംഗ് കാർഡ് നിർമ്മിക്കൽ | ജൂൺ | ഇംഗ്ലീഷ് ക്ലബ് | |

പ്രവർത്തനം: 2
പേര്: Work sheet work shop
ഉപമേഖല: അധ്യാപക ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക | ഭിന്ന നിലവാരക്കാരായ കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. അധ്യാപകരുടെ നേതൃത്വം | ജൂലൈ | എസ്.ആർ.ജി | |

പ്രവർത്തനം: 3
പേര് : ഇംഗ്ലീഷ് അസംബ്ലി
ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകലും | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരുദിവസം | ഇംഗ്ലീഷ് ക്ലബ് | |

പ്രവർത്തനം: 4
പേര് : ഇംഗ്ലീഷ് ഡയറി (3,4 ക്ലാസുകളിൽ)
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് | ഓരോ ദിവസത്തെയും വീട്ടിലേയും വിദ്യാലയത്തിലേയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക | ആഴ്ചയിൽ ഒരുദിവസം | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 5
പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ (3, 4 ക്ലാസുകളിൽ)
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കൽ<br>ജൂൺ - പരിസ്ഥിതി<br>ജൂലൈ - ചന്ദ്രൻ<br>ആഗസ്റ്റ് - സ്വാതന്ത്ര്യദിനം<br>സെപ്റ്റംബർ - ഓണം<br>ഒക്ടോബർ - ഗാന്ധിജി<br>നവംബർ - കേരളം<br>ഡിസംബർ - ക്രിസ്തുമസ്<br>ജനുവരി - ന്യൂഇയർ | ഓരോ മാസവും | ക്ലാസ് ടീച്ചർ | |

# ഗണിതം

പ്രവർത്തനം : 1

പേര് : ഗണിതമുലാബ് (ഗണിത മധുരം)

ഉപമേഖല : ഗണിതകേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക | കുട്ടികൾക്ക് സ്വതന്ത്രമായി ഇടപെടുവാൻ സഹായകമായ തരത്തിൽ ഗണിതലാബ് സജ്ജമാക്കൽ | 2025-2026 | സ്കൂൾ മാനേജ്മെന്റ് | |

പ്രവർത്തനം : 2

പേര് : യൂണിറ്റ് വിലയിരുത്തൽ

ഉപമേഖല : യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്ക പരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റേയും അവസാനം മൂല്യനിർണയം നടത്തി പരിഹാര ബോധനം ഉറപ്പു വരുത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 3
പേര് : ഗണിത വർക്ക്ഷീറ്റ് ശില്പശാല
ഉപമേഖല : വർക്ക് ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദേശിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങളും എല്ലാ കുട്ടികളിലും എത്തിക്കുക. | എല്ലാ ക്ലാസ് യൂണിറ്റിലേക്കും പഠനനേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റേയും ഇടക്കത്തിൽ | SSG | |

പ്രവർത്തനം : 4
പേര് : ഗണിതമൂല
ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ (മഞ്ചാടി, കളിനോട്ട്, കാർഡുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 5
പേര് : ഗണിത ക്ലാസ് പി.ടി.എ
ഉപമേഖല : സി.പി.ടി.എ ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷി നേടി എന്നുറപ്പാക്കൽ | ഓരോ ക്ലാസിലും ഗണിത പാഠങ്ങളിലെ HW പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്ത് നൽകുന്നു. പിന്തുണാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 6
പേര് : ഗണിതം മധുരം
ഉപമേഖല : ഗണിത കേളി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ, ക്യാമ്പുകൾ, ശില്പശാലകൾ | ജൂൺ മുതൽ ആഗസ്റ്റ് വരെ | ക്ലാസ് ടീച്ചർ | |

## പരിസരപഠനം

പ്രവർത്തനം : 1
പേര് : പരീക്ഷണ കിറ്റ്
ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയാശേഷികളുടെ വളർച്ചയ്ക്കിണങ്ങും വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും (3,4 ക്ലാസ്) ശാസ്ത്ര പരീക്ഷണങ്ങൾക്ക് ഇണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണ കിറ്റ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 2
പേര് : ശാസ്ത്ര പഠനോപകരണ ശില്പശാല
ഉപമേഖല : ലാബ് ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയ ശേഷി വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങും വിധം ശില്പശാലകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 3
പേര് : എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ) നാലാം ക്ലാസ്
ഉപമേഖല : ശാസ്ത്ര അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| ശാസ്ത്രപഠന താല്പര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ | |

## സാമൂഹികാവബോധം

പ്രവർത്തനം : 1
പേര് : അതിഥിയെ അറിയൽ
ഉപമേഖല : സാമൂഹ്യ അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| ചർച്ചകൾ, അഭിമുഖങ്ങൾ, ഇവയിലൂടെ സാമൂഹികമായ അറിവ് നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ ചർച്ചകൾ, സംവാദങ്ങൾ ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 2
പേര് : പ്രാദേശിക അറിവ്
ഉപമേഖല : നാട്ടറിവ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| നമ്മുടെ നാടിന്റെ ചരിത്രം മനസ്സിലാക്കുന്നതിന്, സാംസ്കാരികമായ അതിന്റെ തനിമ നിലനിർത്തുന്നതിന് | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശില്പശാലകൾ നടത്തുകയും ചെയ്യുക | നവംബർ | SSG | |

പ്രവർത്തനം : 3
പേര് : ഫീൽഡ് ട്രിപ്പ്
ഉപമേഖല : പൊതുസ്ഥാപനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യസ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയാൻ | പോലീസ് സ്റ്റേഷൻ, പോസ്റ്റാഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ് ടീച്ചർ | |

# കൊങ്കണി

പ്രവർത്തനം : 1
പേര് : കൊങ്കണി ഭാഷ
ഉപമേഖല : അടിസ്ഥാന ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൊങ്കണി ഭാഷയിൽ അടിസ്ഥാന ശേഷികൾ നേടിയെടുക്കുക | • പ്രൈമറി ക്ലാസ് മുതൽ ഭാഷാശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക<br>• മുന്നറിവ് പരിശോധിക്കുക<br>• അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>• വാക്കുകൾ നിർമ്മിക്കൽ<br>• വാചകങ്ങൾ നിർമ്മിക്കൽ<br>• ഭാഷാകളികൾ<br>• ആശയം കൊങ്കണി ഭാഷയിൽ അവതരിപ്പിക്കൽ | ജൂൺ ജൂലായ് | കൊങ്കണി ടീച്ചർ | |

പ്രവർത്തനം : 2
പേര് : കൊങ്കണി വായനോത്സവം
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കരിക്കുലം ലക്ഷ്യം വയ്ക്കുന്ന കൊങ്കണി ഭാഷാപഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക | • വായന മത്സരം<br>• ക്ലാസ് ലൈബ്രറി<br>• സ്കൂൾ ലൈബ്രറി<br>• വായന കുറിപ്പുകൾ<br>• കൊങ്കണി പത്രവായന | ജൂൺ-മാർച്ച് | കൊങ്കണി ടീച്ചർ | |

പ്രവർത്തനം : 3
പേര് : കൊങ്കണി അസംബ്ലി
ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൊങ്കണിയിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും കൊങ്കണിയിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | കൊങ്കണി ടീച്ചർ | |

പ്രവർത്തനം : 4
പേര് : കൊങ്കണി രചനോത്സവം
ഉപ മേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിന് ഒരു സാഹചര്യം ഒരുക്കൽ | • പതിപ്പുകളുടെ നിർമ്മാണം<br>• ചുമർ പത്രങ്ങൾ, പോസ്റ്ററുകൾ<br>• ഭാഷാ കളികൾ | ജൂൺ- മാർച്ച് | കൊങ്കണി ടീച്ചർ | |

# വിവര സാങ്കേതിക വിദ്യ

പ്രവർത്തനം : 1
പേര് : വിവര സാങ്കേതിക വിദ്യയിൽ പരിശീലനം
ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫല പ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ശേഖരിക്കൽ, പരിചയപ്പെടുത്തൽ | ഓരോ മാസത്തിലും | SITC | |

പ്രവർത്തനം : 2
പേര് : IT ലാബ്
ഉപമേഖല : കമ്പ്യൂട്ടർ വിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | IT, ICT പ്രവർത്തനങ്ങൾ/പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ- ആഗസ്റ്റ് | SITC | |

# പ്രവൃത്തി പരിചയം

പ്രവർത്തനം 1
പേര്: പ്രവൃത്തി പരിചയ ശിൽപശാല
ഉപമേഖല: നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ. ചന്ദനത്തിരി, ഫാബ്രിക് പെയിന്റിംഗ് etc | സെപ്തംബർ | SSG | 1000 |

പ്രവർത്തനം: 2
പേര്: ഒറിഗാമി
ഉപമേഖല: കരകൗശല പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇതര വിഷയവുമായി പ്രവൃത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക | ഒറിഗാമിയിൽ പരിശീലനം നൽകൽ | ആഗസ്റ്റ് | SSG | 1000 |

## സർഗവേദി

പ്രവർത്തനം: 1
പേര്: പ്രകടനവേദികൾ
ഉപമേഖല: സോഷ്യൽ മീഡിയ പ്രകടനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക | കുട്ടികളുടെ മികവുകൾ സ്കൂൾ ഫേസ്ബുക്ക് വഴി സമൂഹവുമായി പങ്കുവെയ്ക്കൽ | ജൂൺ-മാർച്ച് | SRG CT | |

പ്രവർത്തനം: 2
പേര്: സർഗവേദി
ഉപമേഖല: പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക. (കുട്ടികളുടെ സർഗാത്മക കഴിവുകൾ) | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ | എല്ലാ ആഴ്ചയിലും | CT SRG | |

പ്രവർത്തനം : 3

പേര് : ടാലെന്റ് ലാബുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക | നൃത്തം, ആലാപനം, ചിത്രരചന, ക്രാഫ്റ്റ് വർക്ക്, പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം | ഡിസംബർ ഫെബ്രുവരി | SRG PTA | |

# ആരോഗ്യ കായിക വിദ്യാഭ്യാസം

പ്രവർത്തനം : 1

മേഖല : കായികാരോഗ്യം

ഉപമേഖല : എയറോബിക് എക്സർസൈസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി, അവരെ ഏതു ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക | അത്‌ലറ്റിക് പരിശീലനം, സ്കിപ്പിംഗ് പരിശീലനം etc | ജൂൺ - മാർച്ച് | H M<br>SRG<br>PTA | |

പ്രവർത്തനം : 2
പേര് : മാനസിക കായികാരോഗ്യം
ഉപമേഖല : യോഗ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| കുട്ടികളുടെ മാനസിക വികാസത്തിനും കായികാരോഗ്യത്തെ വർദ്ധിപ്പിക്കുവാനും അവസരം ഒരുക്കുന്നു. | കുട്ടികളുടെ മാനസിക - കായികാരോഗ്യത്തിന് യോഗാ ക്ലാസ് സംഘടിപ്പിക്കൽ | ജൂൺ- മാർച്ച് | HM<br>SRG | |

പ്രവർത്തനം : 3
പേര് : ഇൻഡോർ ഗെയിംസ്
ഉപമേഖല : മാനസികോല്ലാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഓരോ കുട്ടിയുടേയും മാനസികോല്ലാസം ഉറപ്പ് വരുത്തുന്നു. | കളി ഉപകരണങ്ങൾ, ചാമ്പും കോണിയും, കാരംസ് തുടങ്ങിയവ കളിക്കാൻ അവസരം ഒരുക്കുന്നു | ജൂൺ- മാർച്ച് | HM<br>SRG<br>CT | |

പ്രവർത്തനം : 4
പേര് : ഹെൽത്ത് ചെക്ക് അപ്പ്
ഉപമേഖല : ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പു വരുത്തുക | • എല്ലാ കുട്ടികൾക്കും ആരോഗ്യ ക്ഷമത ഉറപ്പു വരുത്താനായി ആദ്യ ടേമിൽ ഹെൽത്ത് ചെക്ക് അപ്പ് | ജൂൺ - സെപ്റ്റംബർ | PTA | |
| | • കൂടാതെ നേത്ര പരിശോധന, ദന്ത പരിശോധന എന്നിവ സംഘടിപ്പിക്കൽ | ഒക്ടോബർ - ജനുവരി | PTA | |

പ്രവർത്തനം : 5

പേര് : ആദ്ധ്യാത്മികം

ഉപമേഖല : പ്രകടനവേദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഓരോ കുട്ടിയുടെയും സർഗ്ഗബുദ്ധിയും മാനസിക വളർച്ചയും ഉറപ്പ് വരുത്തൽ | ഭഗവത് ഗീത ശ്ലോകങ്ങൾ മന:പാഠമാക്കൽ | ജൂൺ - മാർച്ച് | HM SRG | |

## സംഗ്രഹം

"പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ" എന്ന ലക്ഷ്യം സാധ്യൂകരിക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ സ്കൂൾ മാനേജ്മെന്റ്, S.S.G, PTA, SPG, ജനപ്രതിനിധികൾ എന്നിവരുടെ സഹായ സഹകരണത്തോടെ നടപ്പിലാക്കാൻ സാധിക്കുന്നതോടൊപ്പം ഓരോ കുട്ടിയും ഒന്നാമൻ എന്ന പദ്ധതി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന ഉറപ്പോടെ - - - -

